ഉത്തരം

(എ) അതെ.

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ.

(സി) അല്ല.

(ഡി) കോർപ്പേറഷൻ നല്കുന്ന നിർദ്ദേശം സംസ്ഥാന സർക്കാർ പരിശോധിക്കുകയും ഉചിതമായ തീരുമാനമെടുക്കുകയുമാണ് ചെയ്യാറുള്ളത്.

(ഇ) കോട്ടയ്ക്കൽ ആസ്ഥാനമാക്കി ഒരു മിനി ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

തോട്ടം തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ നടപടി

69(972) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ റബ്ബർ ആൻഡ് ടീ കമ്പനിയിലും ബ്രൈമൂർ എസ്റ്റേറ്റ്സ് ലിമിറ്റഡിലും പീരുമേഡ് ടീ കമ്പനി ലിമിറ്റഡിലും വർഷങ്ങളായി തോട്ടം തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമാനുസൃത ആനുകൂല്യങ്ങൾ നിഷേധിക്ക പ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തോട്ടങ്ങളുടെ ഉടമസ്ഥത ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം രജിസ്റ്റർ ചെയ്തിരിക്കുന്ന ഉടമകൾ, തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ട അവസരത്തിൽ ഉടമാവകാശം നിഷേധിക്കുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1951-ലെ തോട്ടം തൊഴിലാളി നിയമം അനുസരിച്ച് തോട്ടം ആരുടെ പേരിലാണോ രജിസ്റ്റർ ചെയ്തിരിക്കുന്നത് ആ വ്യക്തിയായിരിക്കും യഥാർത്ഥ തൊഴിലുടമ.

(സി) തോട്ടം രജിസ്റ്റർ ചെയ്തിരിക്കുന്ന ഉടമകൾ തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കേണ്ട അവസരത്തിൽ ഉടമാവകാശം നിഷേധിക്കുക യാണെങ്കിൽ യഥാർത്ഥ ഉടമ ആരെന്ന് കണ്ടെത്തി പ്രോസിക്യൂഷൻ മുതലായ നടപടി സ്വീകരിക്കുവാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly